# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 807     20.03.2013 - ൽ മറുപടിക്ക്

## തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഒരു ദിവസം തലസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എത്ര ലിറ്റർ ജലം ജല അതോറിറ്റി നൽകുന്നുണ്ട്; | (എ) | കേരള വാട്ടർ അതോറിറ്റി തലസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രതിദിനം നൽകുന്ന ശുദ്ധജലത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.<br><br>വാട്ടർസപ്ലൈ ഡിവിഷൻ,<br>നെയ്യാറ്റിൻകര - 80 കിലോ ലിറ്റർ<br><br>വാട്ടർ സപ്ലൈ ഡിവിഷൻ,<br>ആറ്റിങ്ങൽ - 70 കിലോ ലിറ്റർ<br><br>പബ്ലിക് ഹെൽത്ത് ഡിവിഷൻ,<br>തിരുവനന്തപുരം - 9757 കിലോ ലിറ്റർ |
| (ബി) തിരുവനന്തപുരം നഗരത്തിൽ 2013 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടിയ അവസരത്തിൽ ടാങ്കറുകളിലും മറ്റുമായി എത്ര ലിറ്റർ ജലമാണ് വിവിധ ആശുപത്രികളിൽ എത്തിച്ചത്; ഏത് ഏജൻസിയാണ് ജലം വിതരണം ചെയ്തത്; ഇതിനായി എത്ര തുക ചെലവായിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ, തിരുവനന്തപുരത്തിന്റെ കീഴിൽ നിന്നും 2013 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ശുദ്ധജല വിതരണപൈപ്പുകൾ പൊട്ടിയ അവസരത്തിൽ ടാങ്കറുകളിലൂടെ വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് 1805 കിലോലിറ്റർ ശുദ്ധജലം എത്തിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, ഫയർ ഫോഴ്സ്, തിരുവനന്തപുരം കോർപ്പറേഷൻ റവന്യൂ വകുപ്പ് എന്നിവയുടെ ടാങ്കറുകളിലൂടെയാണ് ശുദ്ധജലം എത്തിച്ചത്. ഇതിനായി 1,83,990/- രൂപ കേരള വാട്ടർ അതോറിറ്റി ചിലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ